10859

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് – ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് – ഡോ.മീനു രാജേന്ദ്രന് അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.702/2019/തൊഴിൽ തീയതി,തിരുവനന്തപുരം, 15/06/2019

---

പരാമർശം:- 1) 28.06.2000 ലെ 5966/ഉപദേശ സി3/2000/ഉ.ഭ.പ.വ നമ്പർ സർക്കുലർ

2) സ.ഉ (സാധാ) നം.298/2018/തൊഴിൽ, തീയതി:17.03.2018.

3) സ.ഉ (സാധാ) നം.850/2018/തൊഴിൽ, തീയതി:18.07.2018.

4) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 30.01.2019 ലെ ഇ1- 23725/2017/ഡി.ഐ.എം.എസ് നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി മുഖേന നിയമന ഉത്തരവ് ലഭിച്ച ഡോ.മീനുരാജേന്ദ്രൻ പി.ജി കോഴ്സ് ചെയ്തുകൊണ്ടിരുന്നതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം 30.05.2018 വരെ ദീർഘിപ്പിച്ച് നൽകി പരാമർശം – 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പി.ജി കോഴ്സിന്റെ bonded obligation ന്റെ ഭാഗമായിട്ടുള്ള സീനിയർ റസിഡൻസി ചെയ്യുന്നതിനായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം 30.11.2018 വരെ ദീർഘിപ്പിച്ച് പരമാർശം –3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് ഡോ.മീനുരാജേന്ദ്രൻ സീനിയർ റസിഡൻസി പൂർത്തീകരിക്കുന്നതിനായി 06.07.2019 വരെ സമയം ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം – 4 പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡോ.മീനുരാജേന്ദ്രൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ഉത്തരവിൽ ബോണ്ട് കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചതിനാൽ ടി വ്യക്തിയുടെ സീനിയർ റസിഡൻസി കാലവധി ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിരിക്കുകയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

2)സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആരോഗ്യ വകുപ്പിന്റെ ഉത്തരവുകൾ പ്രകാരമുള്ള സീനിയർ റസിഡൻസി പൂർത്തീകരിക്കുന്നതിനായി ഡോ.മീനു രാജേന്ദ്രന് പരാമർശം - 3 ലെ ഉത്തരവിന് തുടർച്ചയായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം പരാമർശം 1 ലെ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം - II ലെ ചട്ടം 27(c) യ്ക്ക് താഴെയുള്ള പ്രൊവിസോയിലെ വ്യവസ്ഥ പ്രകാരമേ സീനിയോറിറ്റി കണക്കാക്കുകയുള്ളൂ എന്ന നിബന്ധനയിൽ 06.07.2019 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ എസ് രുസി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
ഡോ.മീനു രാജേന്ദ്രൻ (ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്),തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**Endt No. E1-23725/2017/DIMS dtd: 25.06.2019**

Copy of government Order communicated for information and further necessary action.

For Director of Insurance Medical Services.

To

Dr. Meenu Rajendran, Minnaram, TC 24/1039-3, Thycaud, TVM-695014.

Copy to:-

1) Accountant General Kerala, Thiruvananthapuram.
2) The Regional Deputy Director, Insurance Medical Services, South Zone, Kollam.
3) File / Stock File / Website.

Ads/-